**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 51** **16-09-2025 - ൽ മറുപടിയ്ക്ക്**

**വയനാട് ചൂരൽമല പുനരധിവാസ പദ്ധതികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ചൂരൽമല പുനരധിവാസ പദ്ധതികളുടെ ഭാഗമായി നിർമ്മിക്കുന്ന വീടുകളുടെ വിശദവിവരങ്ങൾ നൽകാമോ; | (എ) | ചൂരൽമല, മുണ്ടക്കൈ ദുരന്തബാധിതരുടെ പുരധിവാസത്തിനായി വൈത്തിരി താലൂക്ക്, കൽപ്പറ്റ വില്ലേജ് ബ്ലോക്ക് 19 റീസർവ്വെ 88/1ൽ പ്പെട്ട 64.4705 ഹെക്ടർ ഭൂമി ദുരന്ത നിവാരണ നിയമ പ്രകാരം എറ്റെടുത്തിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ ടൗൺഷിപ്പിന്റെ ഭാഗമായി 410 വീടുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഓരോ ഹൗസ് പ്ലോട്ടിനും 7 സെന്റ് ഭൂമി ഉണ്ടായിരിക്കുന്നതാണ്. പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്ന രീതിയിലാണ് വീടുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. ടൗൺഷിപ്പിൽ നിർമ്മിക്കുന്ന വീടുകളുടെ സവിശേഷതകൾ ചുവടെ ചേർക്കുന്നു.<br><br>• വയനാട് ചൂരൽമല പുനരധിവാസ പദ്ധതികളുടെ ഭാഗമായി നിർമ്മിക്കുന്ന ആകെ വീടുകളുടെ എണ്ണം - 410<br>• ഒരു വീടിൻറെ വിസ്തീർണ്ണം 1000 സ്ക്വയർ ഫീറ്റ്<br>• ഒരു വീട്ടിൽ ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ രണ്ട് കിടപ്പുമുറികൾ, ഒരു സിറ്റൗട്ട്, ഒരു ഡ്രോയിങ് കം ഡൈനിങ് ഹാൾ, ഒരു പഠനസ്ഥലം, ഒരു അടുക്കള, ഒരു വർക്ക് ഏരിയ, രണ്ട് കുളിമുറി (ഒന്ന് അറ്റാച്ച്ഡ്), ടെറസ് ഏരിയയിലേക്ക് പ്രവേശിക്കാൻ ഒരു ബാഹ്യ ഗോവണിയും നൽകിയിട്ടുണ്ട്.<br>• വീടിന്റെ അടിത്തറ ഒരു അധികനിലയുടെ കൂടി നിർമ്മാണത്തിനായി ഉപകാരപ്പെടുന്ന വിധത്തിൽ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്.<br><br>ജലവിതരണം, മലിനജല സംസ്കരണ സംവിധാനം, വൈദ്യുതി, റോഡ് തുടങ്ങിയ പൊതു സേവനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പൊതു സൗകര്യങ്ങളിൽ മാർക്കറ്റ്, കമ്മ്യൂണിറ്റി സെന്റർ കം ഡിസാസ്റ്റർ റിലീഫ് ഷെൽട്ടർ, അംഗൻവാടി, പ്രാഥമികാരോഗ്യ |

| | | | |
|---|---|---|---|
| | | | കേന്ദ്രം, പൊതു ടോയിലറ്റുകൾ, സെവൻസ് ഫുട്ബോൾ ഗ്രൗണ്ട്, ഓപ്പൺ എയർ തിയേറ്റർ, സ്മാരകം, മറ്റ് വിനോദ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നു. |
| (ബി) | വയനാട് ചൂരൽമല ദുരന്തത്തിൽ അനാഥരായ കുട്ടികളുടെ സംരക്ഷണത്തിനായി ചെയ്യുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | ദുരന്തത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട പ്രായപൂർത്തി ആവാത്ത 17 കുട്ടികൾക്ക് CMDRF ൽ നിന്ന് 1,70,000,00/- രൂപ കൽപ്പറ്റ ജില്ലാ ട്രഷറിയിൽ FD ആയി നിക്ഷേപിച്ചു. |
| (സി) | ചൂരൽമലയിലെ സ്മാർട്ട് പ്രോജക്ടുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | വയനാട് മേപ്പാടി പഞ്ചായത്തിൽ ഉരുൾപ്പൊട്ടലിൽ മരണപ്പെട്ടവരുടെ മൈനർ ആയിട്ടുള്ള അവകാശികൾക്ക് മരണപ്പെട്ടവരുടെ ആശ്രിതർ എന്ന നിലയിൽ 6 ലക്ഷം രൂപ 18 വയസ്സിനു ശേഷം പിൻവലിക്കാവുന്ന തരത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെയും കുട്ടിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും ഈ തുകയുടെ പലിശ അതാത് മാസങ്ങളിൽ കുട്ടിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നതിനും വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉരുൾപ്പൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട 7 കുട്ടികൾക്കും, മാതാപിതാക്കളിൽ ഒരാൾ മാത്രം നഷ്ടപ്പെട്ട 14 കുട്ടികൾക്കും പഠനാവശ്യത്തിന് വേണ്ടി മാത്രം 10 ലക്ഷം രൂപാ വീതം 18 വയസ്സ് വരെ തുക പിൻവലിക്കാൻ കഴിയില്ല എന്ന വ്യവസ്ഥയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് പ്രതിമാസ പലിശ ബന്ധപ്പെട്ട കുട്ടിയുടെ രക്ഷകർത്താവിന് ഓരോ മാസവും നൽകുന്നതിന് വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ